For Private Circulation Only

January 2019

ആഗമനാരുണൻ

Vol.66

“ ആകയാൽ നിങ്ങളുടെ മനസ്സ് ഉറപ്പിച്ചു നിർമ്മദരായി യേശുക്രിസ്തുവിന്റെ ..... പ്രത്യാശ വെച്ചു കൊൾവിൻ” (1പത്രൊ. 1:12)

No.1

ഇന്ന് നമുക്ക് ഒരു ഉണർവ്വ് പ്രാപിക്കാൻ കഴിയുമോ?

By Owen Murphy

എല്ലാ കാലഘട്ടങ്ങളിലും ഉണ്ടായിട്ടുള്ള ഉണർവ്വുകളിൽ ഒരു മടങ്ങിവരവിന്റെ അനുഭവം പ്രധാനപ്പെട്ടതാണ്. ആളുകൾ വിശുദ്ധിയിലും വിശ്വാസത്തിലും പ്രാർത്ഥനയിലും അടുത്തുവരുമ്പോഴാണ് ഉണർവ്വ് സംഭവിക്കുന്നത്.

അടുത്തതായി നാം ഒരു യഥാർത്ഥ ഉണർവ്വ് ആഗ്രഹിക്കുന്നു എങ്കിൽ ദൈവവുമായുള്ള ബന്ധത്തിൽ നാം അടുത്തു ചെല്ലണം. ഉണർവ്വിനുവേണ്ടിയുള്ള ഭാരം നമ്മുടെ സ്വന്തം കാര്യമായി നാം ഏറ്റെടുക്കണം, തന്റെ വചനത്തിന്റെ വാഗ്ദത്തങ്ങളെ തെരഞ്ഞ് കണ്ടുപിടിച്ച് അതിനായി കാത്തിരിക്കണം (2 ദിന. 7:14). ആ വ്യവസ്ഥകൾ “ നമ്മെത്തന്നെ താഴ്ത്തി” ശുദ്ധഹൃദയവും ശുദ്ധ കൈകളുമുള്ളവരായി, തന്റെ വിശുദ്ധപർവ്വതത്തിൽ നിൽപാൻ യോഗ്യതയുള്ളവരും ആയിരിക്കണം (സങ്കീ. 24).

ഓരോ പാപങ്ങളും ക്ഷമിക്കപ്പെടണം; എല്ലാ ദുഷ്ടതയിൽ നിന്നും പിന്തിരിയണം; സംശയമുള്ള ഹൃദയത്തെ ഉപേക്ഷിക്കണം. അക്ഷരീകമായ സമർപ്പണമുണ്ടാകണം. ഉണർവ്വ് നമ്മുടെ ജീവിതത്തിന്റെ ഒന്നാമത്തെ ആഗ്രഹമായിരിക്കണം. ചിലർക്ക് അത് വർഷങ്ങൾ സേവിച്ച വിഗ്രഹങ്ങളെ ഉപേക്ഷിക്കുന്ന അനുഭവമായരിക്കും. മറ്റു ചിലർക്ക് കൂടാരത്തിലെ മറച്ചുവച്ചിരിക്കുന്ന സംഗതികളെ വെളിച്ചത്തുകൊണ്ടു വരുവാൻ ആഖാന്റെ കൂടാരത്തിൽ ഇറങ്ങിയ സന്ദർശനമായിരിക്കും. അത് ഒരു സ്വർണ്ണക്കട്ടിയോ, ബാബിലോന്യ മേലങ്കിയോ, യുദ്ധത്തിൽ നശിപ്പിച്ചുകളയേണ്ടതായ ശേഷിപ്പുകളോ ആയിരിക്കാം. അവയെല്ലാം പുറത്തു പോയേ മതിയാവൂ.

ഒരു കാര്യം സത്യമാണ്, ദൈവത്തിന് ഇഷ്ടമില്ലാത്തത് എല്ലാം പുറത്തു പോയേ മതിയാവൂ.

വാഗ്ദത്തം പാലിക്കുന്ന ഒരു ദൈവം എല്ലാ വാഗ്ദത്തങ്ങളും നിറവേറ്റുന്നു എങ്കിൽ മനുഷ്യന്റെ തന്റെ മേൽ വച്ചിരിക്കുന്ന എല്ലാ വ്യവസ്ഥകളും പാലിപ്പാൻ ബാദ്ധ്യസ്ഥനാണ്. അവൻ തന്നെത്താൻ താഴ്ത്തി തന്റെ ദുഷ്ടതയുടെ വഴികളെ വിട്ട് തിരിയേണ്ടതാണ്. ശുദ്ധകൈകളും ശുദ്ധഹൃദയങ്ങളും എന്നതുമാത്രമല്ല, എല്ലാ പാപങ്ങളും ദൈവത്തിന് ഇഷ്ടമില്ലാത്ത എല്ലാ വഴികളും വിട്ട് സമ്പൂർണ്ണമായി ക്രിസ്തുവിന് സമർപ്പിക്കേണ്ടതാണ്.

അതിന്റെശേഷം പ്രാർത്ഥനയിൽ അടുത്തുവരേണം എന്ന് മാത്രമല്ല, മറുപടി വരുന്നതുവരെയും കാത്തിരിക്കേണ്ടതാണ്. സഭകൾക്ക് കണ്ണുനീരില്ല, ഏറ്റുപറച്ചിലില്ല, ഉപവാസമോ, പ്രാർത്ഥനയോ ഇല്ല, ഉയരത്തിൽ നിന്നുള്ള സന്ദർശനമില്ല.

എന്താണ് ദൈവം നമ്മിൽ നിന്ന് ആഗ്രഹിക്കുന്നത്, വേദപുസ്തകം പറയുന്നത്, സഭാരാധനകളിൽ സജീവ സാന്നിദ്ധ്യവും പുറമേയുള്ള ബഹുമാനങ്ങളുമാണോ ദൈവം ആഗ്രഹിക്കുന്നത്. ലോകം അറിയുന്ന തകർപ്പൻ പ്രസംഗികളോ ഒന്നും അല്ല ദൈവം ആഗ്രഹിക്കുന്നത്. ദേശത്തിന്റെ പാപവും ദുഷ്ടതയും നിമിത്തം അവർക്കുവേണ്ടി കരഞ്ഞ് കണ്ണ് ചുവന്നിരിക്കുന്ന ഹൃദയം നുറുങ്ങിയിരിക്കുന്ന ആളുകളെയാണ് ദൈവം അന്വേഷിക്കുന്നത്. നുറുങ്ങിയ ഹൃദയവും കണ്ണീരുമുള്ളവരെ ദൈവം സന്ദർശിക്കുന്നു. ജീവിതത്തിലും കണ്ണീരിന്റെ അനുഭവമില്ലെങ്കിൽ തെരുവിലും വീട്ടിലും കണ്ണീരുണ്ടാകും. ആത്മീയവും ധാർമ്മികവും ആയ അധ:പതനമുണ്ടാകും കുറ്റകൃത്യങ്ങൾ വർദ്ധിക്കും. സമൂഹം അധ:പതിക്കും.

ശക്തന്മാരായ മദ്ധ്യസ്ഥന്മാർ ദൈവകരത്തെ ചലിപ്പിച്ചു

അബ്രഹാം ദൈവമില്ലാത്ത സോദോമ്യർക്കുവേണ്ടി ദൈവമുമ്പാകെ നിന്നു. ദൈവകൃപയെ തൊട്ടറിഞ്ഞു. സ്വർഗ്ഗത്തിൽ നിന്നും തീ ഇറങ്ങുന്നതുവരെയും ഏലിയാവു പിന്മാറ്റക്കാരായ യിസ്രായേൽ മക്കൾക്കു വേണ്ടി പ്രാർത്ഥിച്ചു. ബാലിന്റെ യാഗപീഠങ്ങൾ തകർന്നു വീണു. ജനം ദൈവത്തിങ്കലേയ്ക്ക് തിരിഞ്ഞു. നൂറ്റാണ്ടുകളുടെ ചരിത്രം പരിശോധിക്കുമ്പോൾ തലമുറകളിലൂടെയുള്ള പാപം സംബന്ധിച്ച് തന്റെ ദാസന്മാർ ദൈവമുമ്പാകെ നിന്നു. ദൈവം തന്റെ വിശുദ്ധമന്ദിരത്തിൽ നിന്നും ഇറങ്ങി രാജ്യങ്ങളെ കുലുക്കുന്ന ഉണർവ്വ് അയയ്ക്കുന്നതുവരെയും അവർ ദൈത്തോട് പ്രാർത്ഥിച്ചു.

കഴിഞ്ഞ കാല ഓർമ്മകൾ അയവിറക്കുമ്പോൾ അനേകർ ക്രിസ്തുവിങ്കലേയ്ക്ക് തിരിയുവാൻ തക്കവണ്ണം ദൈവം തന്റെ ഭക്തന്മാരെ ശക്തമായി ഉപയോഗിച്ചു. അവരുടെ വിവരങ്ങൾ ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. വെസ്ലി, വൈറ്റ്ഫീൽഡ്, ഫിന്നി, റോബർട്സ് എന്നിവർ ഇക്കൂട്ടത്തിൽ പ്പെടുന്നു. അവരെ ബഹുമാനിച്ച് ഓർമ്മ സംഭവങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. അവരുടെ പാട്ടുകൾ നമ്മൾ പാടുന്നുണ്ട്. അവരുടെ വാസസ്ഥലങ്ങൾ പലതും കണ്ണീരിനാൽ കുതിർക്കപ്പെട്ടതായിരുന്നു. അവർ പ്രാർത്ഥിച്ചു. അവരുടെ കണ്ണുനീരും പ്രാർത്ഥനയും ആളുകളെ രൂപാന്തരപ്പെടുത്തി.

ജോൺ നോക്സ്ന്റെ പ്രാർത്ഥന സ്കോട്ടലണ്ടിനെ പിടിച്ചുകുലുക്കി. ജോൺ നോക്സ് പലപ്പോഴും പ്രാർത്ഥനയിൽ ചെലവഴിച്ചു. അദ്ദേഹം പ്രാർത്ഥനയിൽ നിന്നും എഴുന്നേറ്റ് പുറത്തുവരുമ്പോൾ അദ്ദേഹത്തിന്റെ

(ശേഷം 7-ാംപേജിൽ)

ഡോ.ജോൺ സ്കഡർ ഇൻഡ്യയിലെ സുവിശേഷകൻ

(ഒന്നാം ഭാഗം)

1793-ൽ ന്യൂജഴ്സിയിലുള്ള ഫ്രീഹോൾഡ് എന്ന പട്ടണത്തിൽ ജോൺസ്കഡർ ജനിച്ചു. തന്റെ പിതാവ് ഒരു ഉയർന്ന വക്കീലായിരുന്നു, അമ്മ ഒരു ആഴമായ ദൈവഭക്തയായിരുന്നു. ശമുവേലിനെപ്പോലെ ജനനത്തിങ്കൽ തന്നെ ദൈവവേലയക്കായി സമർപ്പിക്കപ്പെട്ടു. ഒരു ദൈവപൈതലായി വളർന്നു.

ചെറുപ്പത്തിൽ തന്നെ സ്വയത്യാഗത്തിന്റെയും മറ്റുള്ളവരുടെ സംരക്ഷണത്തെ സംബന്ധിച്ച ചിന്തയുടെ ആത്മാവിനാൽ ഭരിക്കപ്പെട്ടിരുന്നു. ഒരു ദിവസം പാവപ്പെട്ടവർക്കും രോഗികൾക്കും വിറകു പെറുക്കിക്കൊടുക്കാനായി താൻ തെരുവിലേയ്ക്ക് പോയി. ഒരാൾ വിളിച്ചു ചോദിച്ചു. ജോൺ നീ എന്താണ് ചെയ്യുന്നത്? ഞാൻ ഇത് മിസ്. ബക്കിക്കുവേണ്ടി പെറുക്കുന്നു, അവൾക്ക് വിറകില്ലാ എന്നതായിരുന്നു ജോണിന്റെ മറുപടി.

പ്രിൻസ്ടൺ എന്ന സ്ഥലത്ത് തന്റെ കൂട്ടുകാരെ ക്രിസ്തുവിങ്കലേയ്ക്ക് നയിക്കുവാൻ തക്കവണ്ണം തന്നിൽ വെളിപ്പെട്ടിരുന്ന ഈ ആത്മാവ് സഹായകമായിരുന്നു. പുതിയ കൂട്ടുകാരെ കിട്ടുമ്പോൾ അവരോട് പറയും, നിങ്ങളെ 47-ാം നമ്പർ മുറിയിൽ കാണുന്നത് എനിക്ക് സന്തോഷമാണ്. രോഗികളായിട്ടൊക്കെ തനിയെ പാർക്കുന്ന കുട്ടികൾ തന്റെ ക്ഷണം സ്വീകരിച്ചെത്തും. അവരിൽ പലരും യഥാർത്ഥ വിശ്വാസികളായിത്തീരാറുണ്ട്.

ഏറ്റവും വലിയ ആഗ്രഹം ദൈവവചനം പഠിക്കണമെന്നായിരുന്നുവെങ്കിലും അപ്പന്റെ നിർബ്ബന്ധപ്രകാരം മെഡിസിനു ചേരുകയാണുണ്ടായത്. ആത്മാക്കളുടെ രക്ഷയ്ക്ക് അതു പ്രയോജനപ്പെടുത്താം എന്ന് ചിന്തിച്ചു.

വൈദ്യശാസ്ത്ര രംഗത്തുള്ള വളർച്ച

1815-ൽ ന്യൂയോർക്ക് മെഡിക്കൽ കോളെജിൽ നിന്നും പഠനം പൂർത്തിയാക്കിയശേഷം പട്ടണത്തിന്റെ കിഴക്കു ഭാഗത്ത് പരിശീലനം തുടരുവാൻ ഇടയായി. അവിടെ വേഗത്തിൽ വലിയ വിജയം തനിക്കുണ്ടായി. തന്റെ ജോലി വലിയതായിരുന്നു, എന്നാൽ ദയയോടുകൂടെ ആളുകളോട് പെരുമാറി. രോഗികളുടെ എണ്ണം അനുദിനം വർദ്ധിച്ചു. ആളുകളോടുള്ള നല്ല ഇടപെടലും ജോലിയിലുള്ള ശ്രദ്ധയും ആളുകളുടെ പ്രിയങ്കരനാക്കി മാറ്റി.

ഒരു കാര്യം തന്നെ അസ്വസ്ഥനാക്കി. തന്റെ കൂടെ താമസിച്ച കൂട്ടുകാരെ അവരുടെ ആത്മിക നിലയിൽ സഹായിക്കാൻ കഴിയുന്നില്ല എന്ന് മനസ്സിലാക്കി. അതിനുള്ള ക്രമീകരണങ്ങൾ ചെയ്തു അനേകരെ കർത്താവിങ്കലേയ്ക്ക് നടത്തി. അവർ ഉന്നത സംസകാരവും നിലവാരവുമുള്ളവരായിരുന്നു. ആയിടെ താൻ താമസിക്കുന്ന ഫ്രാങ്ക്ളിൻ തെരുവിലെ മിസിസ് വാട്ടബറിയുടെ മകൾ ഹാരിയറ്റ് മായിക്ക് വിവാഹമായി. ആ കുടുംബം ദൈവഭക്തിയുള്ള ഒരു കുടുംബമായിരുന്നു.

യുവ ഡോക്ടറുടെ പ്രശക്തി അനുദിനം വർദ്ധിച്ചു. വരുമാനം കൂടി. തന്റെ ഭാവി ന്യൂയോർക്കിലെ ഉന്നതരോ

(ശേഷം 8-ാം പേജിൽ)

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വനന്ദനം. ഒരു പുതിയവർഷം വരവായി. 2019-ാം വർഷത്തിന്റെ പൊൻപുലരി കാണുവാൻ കർത്താവ് നമ്മെ സഹായിച്ചു. പുതിയ വർഷത്തിന്റെ വാഗ്ദത്ത വചനം “ഞാൻ നിന്നെ വലിയൊരു ജാതിയാക്കും. നിന്നെ അനുഗ്രഹിച്ച് നിന്റെ പേർ വലുതാക്കും. നി ഒരു അനുഗ്രഹമായിരിക്കും. നിന്നെ അനുഗ്രഹിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും. നിന്നെ ശപിക്കുന്നവരെ ഞാൻ ശപിക്കും. നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും” (ഉല്പ. 12: 2,3)

2018-ലെ വർഷത്തിന്റെ ഡിസംബർ മാസം നമ്മെ വിട്ട് കടന്നു പോയി 2019 ജനുവരി മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു.

നമ്മെ അഭിമുഖീകരിക്കാൻ പോകുന്ന കഷ്ടതകളും പ്രയാസങ്ങളും കർത്താവിനു സമർപ്പിച്ചു കൊണ്ടുവേണം ഓരോ ദിവസവും നാം മുന്നോട്ടു പോകുവാൻ. യേശുവിന് എല്ലാ കഷ്ടതകളും വിഷമതകളും ക്ഷമയോടെ സഹിക്കാൻ കഴിഞ്ഞു. തന്റെ പിതാവിനോടുള്ള സ്നേഹമാണ് ഇതിനു തന്നെ പ്രാപ്തനാക്കിയത്. പിതാവിന്റെ ഇഷ്ടത്തിന് വഴങ്ങികൊടുക്കുവാൻ തന്നെ സഹായിച്ചതും ഈ സ്നേഹമാണ്.

ദൈവത്തിന്റെ കുഞ്ഞാടായ താൻ സ്വന്ത ഇച്ഛകളെ ഒക്കെയും അടിയുറവച്ചു. അങ്ങനെ എല്ലാ എതിർശക്തികളുടെ മേലും അവൻ വിജയം കൈവരിച്ചു. ക്ഷമാശീലം മൂലം സാത്താനേയും നരകത്തെയും ജയിച്ച ബലവാനായ കർത്താവാണ് താനെന്നും യേശു തെളിയിച്ചു.

ഒരു പക്ഷേ എല്ലാവരാലും അവഗണിക്കപ്പെട്ട കിടക്കേണ്ടി വന്നാലും ദൈവിക വാഗ്ദത്തം മാറുകയില്ല. നരയ്ക്കുവോളം ചുമക്കും, കാലം മാറും, ലോകം മാറും മാറാത്ത ഒന്നാണ് ദൈവവചനം. അതിൽ ആശ്രയിച്ച് പ്രത്യാശ നാടിനെ നോക്കി പാർത്ത് സ്വർഗ്ഗ നാട്ടിൽ എത്തും എന്ന ആശയോ മുന്നോട്ട് പോകാം.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: **9446590913, 9809882926**
കരിത്തലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702
E-mail:bindhum1971@yahoo.in
മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

ഉഴവിൻ അത്ഭുതങ്ങൾ

By A.W.Tozer

" ..... തരിശു നിലം ഉഴുവിൻ; യഹോവ വന്ന് നിങ്ങളുടെ മേൽ നീതി വർഷിപ്പിക്കേണ്ടതിന് അവനെ അന്വേഷിപ്പാനുള്ള കാലം ഇതാകുന്നുവല്ലോ" (ഹോശ. 10:12).

ഇവിടെ രണ്ട് വിധത്തിലുള്ള നിലങ്ങൾ: ഒന്ന് തരിശു നിലം, മറ്റൊന്ന് ഉഴുത് ഒരുക്കിയ നിലം.

തരിശു നിലം സംതൃപ്തിയടഞ്ഞിരിക്കുന്നതും കലപ്പയാലുള്ള യാതൊരു മുറിവുകളും ഏല്ക്കാതെയുള്ള അനുഭവമാണ്. ഇങ്ങനെയുള്ള സ്ഥലം കാക്കയും കാട്ടുപക്ഷികൾക്കും പ്രിയപ്പെട്ടതാണ്. ബുദ്ധിപരമായ വേല അവിടെയില്ല; അതിന്റെ അവസ്ഥയിൽ അത് സംതൃപതമാണ്; അതിന് മാറ്റമില്ല; പ്രകൃതി അതിനെ ദത്തെടുത്തിരിക്കുന്നു; ചിലപ്പോൾ പുഷ്ടിയോടെ കാണും. ചില സമയം വരൾച്ച ബാധിച്ചു കാണും. സുരക്ഷിതമാണ്, യാതൊരു പ്രലോഭനങ്ങളുമില്ല. സൂര്യ പ്രകാശത്തിലും ശാന്തമായിരിക്കുന്നു, ഏതു കൊണ്ടും സംതൃപ്തമായിരിക്കുന്നു.

എന്നാൽ അവിടെ വളർച്ചയുടെ ഒരു അത്ഭുതമില്ല; രാജ്യങ്ങളുടെ അഭിവൃദ്ധിയുടെ അനുവഭവമവിടെയില്ല; വിതയുടെ അദ്ധ്വാനമില്ല; കൊയ്ത്തിന്റെ ആർപ്പുമില്ല. ഫലത്തെക്കുറിച്ചുള്ള ചിന്താകുലം ഇല്ല, കാരണം ഉഴവിനെക്കുറിച്ചോ തടികൊണ്ട് കട്ട ഉടച്ചു നിരത്തുന്നതിനെക്കുറിച്ചോ അത് പേടിക്കുന്നു.

നേരേ വിപരീതമായി, ജീവിതത്തിന്റെ ബദ്ധപ്പാടോടുകൂടെ കൃഷി ചെയ്യപ്പെട്ട മറ്റൊരു നിലം. ഉഴവുകാർ അതിൽ പ്രവേശിച്ചു. തുടർച്ചയായ ജോലികൾ ജീവന്മരണ പോരാട്ടങ്ങൾ അതിൽ നടക്കുന്നു. കൃഷിക്കാരുടെ ആരവങ്ങളും യന്ത്രങ്ങളുടെ ശബ്ദവും അതിനകത്തുണ്ട്. ഓരോ ദിവസവും ആ നിലം മാറ്റങ്ങൾക്ക് വിധേയമാകുന്നു. നിലം ഉഴുതു മറിയ്ക്കപ്പെടുന്നു.

അദ്ധ്വാനത്തിന് ഒത്തവിശേഷമായ ഫലം അവിടെ ലഭിക്കുന്നു. സൂര്യന്റെ വെളിച്ചത്തിൽ തൈകൾ അത്ഭുതകരമായി ജീവൻ പ്രാപിച്ചുവരുന്നു. പുത്തൻ അനുഭവങ്ങൾ അവിടെയുണ്ടാകുന്നു. ആ കൃഷിയിടങ്ങളിൽ മുഴുവൻ ദൈവത്തിന്റെ പ്രവർത്തിക്കുന്ന കരമുണ്ടായിരിക്കും. പുതിയത് ജനിക്കുന്നു, അവിടെ വളർച്ചയുണ്ട്. പക്വതയുണ്ട്. നിലത്തിൽ വീഴുന്ന വിത്തുകളെക്കുറിച്ചുള്ള പ്രവചനങ്ങൾ അവിടെ നിറവേറുന്നു. പ്രകൃതിയിലെ അത്ഭുതങ്ങൾ ഉഴവിൽ സംഭവിച്ചു കൊണ്ടേയിരിക്കുന്നു.

രണ്ട് വിധത്തിലുള്ള ജീവിതങ്ങൾ

രണ്ട് വിധത്തിലുള്ള ജീവിതങ്ങളുണ്ട്. തരിശുനിലം, കൃഷിയിടം. തരിശു നിലങ്ങളെ അന്വേഷിച്ച് ദൂരെയെങ്ങും പോകണ്ട നമ്മുടെയിടയിയൽ അങ്ങനെയുള്ളവർ വളരെയധികമുണ്ട്.

തരിശു നിലത്തിന്റെ അനുഭവമുള്ളവർ എന്നാൽ, ഒരിക്കൽ സംതൃപ്തമായ ജീവിതം നയിച്ചവരും നിറയെ ഫലം പുറപ്പെടുവിച്ചവരുമായിരുന്നു. അവൻ ഫലം വിതരണം ചെയ്യുവാൻ തയ്യാറായില്ല. ഉണർവ്വുകളിലും, ഉപവാസങ്ങളിലും എല്ലാം ആത്മീക സംരംഭങ്ങളിലും നിറഞ്ഞ സാന്നിദ്ധ്യമായിരുന്നു എന്നാൽ ആത്മിക തീക്ഷണത പാടേ നശിച്ചുപോയി ഫലമില്ലാത്തവനായിത്തീർന്നു.

ഇപ്പോൾ വലിപ്പത്തിലും സ്വഭാവത്തിലും അവൻ വ്യത്യാസമില്ലാത്തവനായിരിക്കുന്നു. അവൻ ഉള്ളിൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. ദൈവവും അത്ഭുതങ്ങളും അവന് അന്യപ്പെട്ടിരിക്കുന്നു.

ഫലം കായ്ക്കാൻ വേണ്ടി തകർക്കപ്പെട്ടു

ഉഴുതുമറിക്കപ്പെട്ടജീവിതം, അനുതാപത്തിന്റെയും ഏറ്റുപറച്ചിലിന്റേതുമാണ്. ആത്മാവിന്റെ വ്യഗ്രത, സാഹചര്യങ്ങളുടെ സമ്മർദ്ദങ്ങളും ഫലമില്ലാത്ത ജീവിതത്തിന്റെ പോരായ്മകളും അവനെ താഴ്മയുള്ളവനാക്കിത്തീർക്കുന്നു. നശിപ്പിക്കുന്ന മരണത്തിന്റെ അപകടത്തെ തള്ളിക്കളയുന്നു. അതൃപ്തി, ആവേശം, പശ്ചാത്താപം ദൈവത്തെ അനുസരിപ്പാനുള്ള മനോഭാവം എന്നിവ വിത്തു വിതയ്ക്കുവാൻ തക്കവണ്ണം ഭൂമിയെ ഉഴുതമറിക്കുവാൻ കാരണ

(ശേഷം 4-ാംപേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)*
ഏറ്റുപറയുക	*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*

(3-ാംപേജിന്റെ തുടർച്ച)

ഉഴവിൻ അത്ഭുതങ്ങൾ

മാക്കുന്നു. നീതിയുടെ മഴ വർഷിപ്പിക്കപ്പെടുന്നു. എന്നതിനാൽ അങ്ങനെയുള്ള ഒരുവൻ, അവന്റെ മേൽ കർത്താവിന്റെ കരം ഉണ്ട് എന്ന വചനം പരീക്ഷിച്ചറിയുന്നു (യെഹെ.3:22)

ശക്തവും വിശ്വാസ്പദവുമായ ജീവിതം

തരിശു നിലത്തിന്റെയും കൃഷിയിടത്തിന്റെയും ജീവിതങ്ങളെ വിശകലനം ചെയ്യുമ്പോൾ അതിന് രണ്ട് മുഖങ്ങളുണ്ട്. അത് ശക്തവും വിശ്വാസ്പദപരവുമാണ്. ശക്തമായ അല്ലെങ്കിൽ ഉണർവ്വിന്റെ കാലയളവ് എന്നത്, ദൈവത്തിന്റെ ജനം ദൈവത്താൽ നയിക്കപ്പെട്ട് അവിടുത്തെ സാക്ഷ്യങ്ങൾ ലോകത്തിലെത്തിക്കാനുള്ള ഉത്സാഹപൂർണ്ണമായ വേലയാണ്. അവർ ഉറക്കത്തിന്റെയും മയക്കത്തിന്റെയും സുരക്ഷിതത്വം വിട്ട് ഉത്സാഹപൂർണ്ണമായ പ്രവർത്തനരംഗത്തേയ്ക്ക് വരികയാണ്. ദൈവശക്തിയും സാന്നിദ്ധ്യവും അതിനെ പിന്തുടരുന്നു. അവരുടെ പ്രവർത്തനസ്ഥലത്തും സമയത്തും ദൈവത്തിന്റെ അത്ഭുതങ്ങൾ ശക്തമായി നടക്കുന്നു. ആളുകൾ അത് നിർത്തുമ്പോൾ ദൈവവും നിർത്തിക്കളയുന്നു.

പ്രശ്നങ്ങളാൽ വലഞ്ഞും സുരക്ഷിതസ്ഥാനങ്ങളിൽ അഭയം പ്രാപിച്ചുമിരുന്നവർ, ദൈവപ്രവൃത്തിയുടെ കാലത്ത് എഴുന്നേറ്റ് നിലം ഒരുക്കി വിതെയ്ക്ക് കാരണമാകുന്നു. ദൈവ പ്രവൃത്തിക്കായി ഏല്പിച്ചു കൊടുക്കുന്നു.

വേദപുസ്തക ചരിത്രം ആവർത്തിച്ചു പറയുന്നത്, അബ്രഹാം തന്റെ വിശ്വാസത്തിന്റെ സാഹസികജീവിതവുമയി മുന്നോട്ടുപോയി. ദൈവം തന്നോടൊപ്പം പോയി. വെളിപ്പാടുകളും, ദൈവപ്രത്യക്ഷതകളും പാലസ്തീൻ എന്ന സമ്മാനവും അനുഗ്രഹങ്ങളുടെ വലിയ വാഗ്ദത്തങ്ങളും അതിന്റെ കലവറകളുമായിരുന്നു അതിന്റെ ഫലം.

യിസ്രായേൽ മിസ്രയീമിലേക്കുപോയി. നാനൂറ് വർഷങ്ങൾ ദൈവത്തിന്റെ അത്ഭുതങ്ങൾ തടസ്സപ്പെട്ടു. അതിന്റെ ശേഷം മോശെ ദൈവത്തിന്റെ വിളി കേട്ടു. ശത്രുവിന്റെ വെല്ലുവിളിയ്ക്കു നേരെ മോശെ ചുവടുവച്ചു. ഒരു ചുഴലിക്കാറ്റ് കൂടെകൂടി, യിസ്രായേൽ യാത്ര ആരംഭിച്ചു. അവൾ യാത്ര തുടരുമ്പോൾ ദൈവം തന്റെ വ്യക്തമായ അത്ഭുതങ്ങൾ അവളുടെ വഴിയിൽ അയച്ചുകൊടുത്തു, എപ്പോഴെല്ലാം യിസ്രായേൽ ലക്ഷ്യം തെറ്റിയോ അപ്പോഴെല്ലാം ദൈവം തന്റെ മുഖം തിരിച്ചുകളഞ്ഞു, മടങ്ങിവരുമോ എന്ന് കാത്തിരുന്നു.

ഇത് യിസ്രായേലിന്റെയും സഭയുടെയും ഒരു ചെറിയ ചരിത്രമാണ്. അവർ പോയി പ്രസംഗിച്ചപ്പോഴൊക്കെയും ദൈവം അവർക്കു വേണ്ടി പ്രവർത്തിച്ചു. അവർ പുറപ്പെട്ട് എല്ലായിടത്തും പ്രസംഗിച്ചു. കർത്താവ് അവരോടുകൂടെ പ്രവർത്തിച്ചും അവരാൽ നടന്ന അടയാളങ്ങളാൽ വചനത്തെ ഉറപ്പിച്ചും പോന്നു (മർ. 16:20). എന്നാൽ അവർ ഏകാധിപത്യങ്ങളെ പണിതുയർത്തി, കെട്ടിടങ്ങളും, കത്തീഡ്രലുകളും ഒക്കെ ഉയർത്തിപ്പൊക്കിയപ്പോൾ ദൈവം തന്റെ കരം പിൻവലിച്ചു. ആ കരം തിരികെ നീട്ടുവാൻ മാർട്ടിൻ ലൂഥറും വെസ്ലിയുമൊക്കെ എഴുന്നേറ്റ് നരകത്തെയും പാതാളത്തെയും ഒക്കെ വെല്ലുവിളിക്കണമായിരുന്നു. അപ്പോൾ ദൈവം മുമ്പിലത്തേപ്പോലെ അളവില്ലാതെ തന്റെ ശക്തി പകർന്നുകൊടുത്തു.

ഓരോ സംഘടനയിലും സുവിശേഷീകരണ പ്രസ്ഥാനങ്ങളിലും പ്രാദേശിക സഭകളിലും വ്യക്തികളിലും ഈ തത്വം ആവർത്തിക്കുന്നു. തന്റെ ജനം പ്രവർത്തനത്തിനായി നിൽക്കുമ്പോൾ ദൈവം അവരുടെയിടയിൽ പ്രവർത്തിക്കുന്നു. ആളുകൾ ദൈവത്തിന്റെ സഹായം നിരസിക്കുമ്പോൾ ദൈവവും കരം പിൻവലിക്കുന്നു. ദൈവത്തെ വിട്ടുള്ള വഴികളെ നാം തേടുമ്പോൾ അവയൊക്കെ നമ്മുടെ സ്വന്തം പ്രവൃത്തികളായി നാം കാണുമ്പോൾ, എല്ലാം നമ്മുടെ സ്വയം ആയിത്തീരുമ്പോ ദൈവത്തെ വേണ്ടാതെ വരുമ്പോൾ ദൈവവും മിണ്ടാതെയിരിക്കുന്നു. നാം നമ്മുടെ സ്ഥാപനങ്ങളും, നിയമങ്ങളും പദ്ധതികളും ആവിഷ്ക്കരിക്കുമ്പോൾ ആത്മിക തകർച്ചയുണ്ടാകുന്നു. അത് നമ്മെ മരണത്തിലേയ്ക്ക് നയിക്കുന്നു.

ദൈവത്തിന്റെ ശക്തി

ഭൂമിയെ തകർത്തു ഉഴുതുമറിക്കുന്നടിയത്ത് നാം വിളിച്ചാൽ മാത്രമേ ദൈവത്തിന്റെ ശക്തി എഴുന്നെള്ളുകയുള്ളൂ. സഭ തന്റെ ദൗത്യത്തോടുള്ള ബന്ധത്തിൽ ഉണർന്ന് ദൈവത്തിന്റെ സഹായത്തിനായി പ്രാർത്ഥിക്കുമ്പോൾ മാത്രമെ ദൈവം തന്റെ ശക്തി അവരിലേയ്ക്ക് അയയ്ക്കുകയുള്ളൂ. ചെയ്യുന്നു എന്ന വാക്കിലൂടെ കാര്യങ്ങൾ നന്നായി നടക്കണമെന്നില്ല. സഭയ്ക്ക് നിശ്ചയമായും അതിന്റേതായ തിരക്കുകൾ ഉണ്ട്. എന്നാൽ പലപ്പോഴും തരിശുനിലം ഉഴുന്ന കാര്യം പലപ്പോഴും തൊടാതെ മാറ്റിവയ്ക്കാറുണ്ട്. സഭയിലെ പ്രശ്നങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയുള്ള വിഷയങ്ങളെ ബുദ്ധിപൂർവ്വം കൈകാര്യം ചെയ്തു പൂർണ്ണ സൂരക്ഷ ഉറപ്പാക്കുന്നു, എന്നാൽ തരിശുനിലം വിട്ടുകളയുന്നു. അതുകൊണ്ട് സഭ ഫലമില്ലാത്ത അവസ്ഥയിലാകുന്നു; അവൾ സുരക്ഷിതയാണ് എന്നാൽ നിലം തരിശായികിടക്കുന്നു.

എവിടെയാണ് ദൈവശക്തിയുടെ അത്ഭുതം നടക്കുന്നതെന്ന് നോക്കിക്കാണുക. ഓരോ ചിന്തകളും വിദ്യാർത്ഥികളിലേക്ക് പകർന്നുകൊടുക്കുന്ന സെമിനാരികളിൽ ഒരിക്കലും അത്ഭുതം നടക്കുന്നില്ല എന്ന കാര്യം നോക്കിക്കാണുക; കാലഹരണപ്പെട്ട ആവശ്യമില്ലാത്ത വിശ്വാസങ്ങളുമായി പാരമ്പര്യങ്ങളെ പഠിപ്പിക്കുന്ന മതസ്ഥാപനങ്ങളിൽ ഉണർവ്വ് നടക്കുന്നില്ല. ഒരിക്കൽ വെളിപ്പെട്ട ദൈവമഹത്വത്തിന്റെ നിശബ്ദ സാക്ഷ്യം ഉറങ്ങുന്ന കിരങ്കൽ ഫലകങ്ങളോ ഫർണിച്ചറുകളോ ദൈവമഹത്വത്തെ വിളിച്ചുവരുത്തുന്നില്ല. വിശ്വാസത്തിന്റെ പരിശോധനകളെ നേരിട്ട് വെല്ലുവിളികളെ ഭയക്കാതെ തരിശു നിലം ഉഴുവാൻ തയ്യാറാകുമ്പോൾ അവിടെ ദൈവം തന്റെ വിശുദ്ധമന്ദിരത്തിൽ നിന്നും സഹായമയയ്ക്കുവാൻ ഇടയാകും.

ഞാൻ വർഷങ്ങളായി പ്രവർത്തിച്ച സുവിശേഷീകരണ പ്രസ്ഥാനത്തെ ശ്രദ്ധിച്ചപ്പോൾ ദൈവശക്തി ആകാശത്തിൽ ചുറ്റിപ്പറ്റി നില്ക്കുന്നതായി മാത്രമേ അനുഭവപ്പെട്ടുള്ളൂ. പ്രവർത്തിക്കുന്ന ആളുകൾ ഉള്ളയിടത്ത് ദൈവശക്തി വെളിപ്പെടും. എപ്പോൾ, എവിടെ നമ്മിൽ തന്നെ തൃപ്തിയടഞ്ഞ് സുഖസുഷുപ്തിയിലാകുമോ ദൈവശക്തി വ്യാപരിക്കയില്ല. വിശ്വാസപ്രമാണങ്ങൾക്ക് ഒരു പ്രസ്ഥാനത്തെ സഹായിക്കുവാൻ സാദ്ധ്യമല്ല. ദൈവശക്തി അത്യാവശ്യമാണ്.

പ്രാദേശിക സഭകളിലും വ്യക്തികളിലും ദൈവത്തി

(ശേഷം 5-ാംപേജിൽ)

(4-ാംപേജിന്റെ തുടർച്ച)

ഉഴവിൻ അത്ഭുതങ്ങൾ

ന്റെ പരിശുദ്ധാത്മാവിന്റെ പ്രവൃത്തി അത്യാവശ്യമാണ് എന്ന സത്യം ഞാൻ മനസ്സിലാക്കി. തുടർച്ചയായി നല്ല ഫലങ്ങൾ പുറപ്പെടുവിച്ചുകൊണ്ടിരുന്ന പല സഭകളും ഫലം കുറഞ്ഞുപോയി അല്ലെങ്കിൽ ഫലമില്ലാതെ കാണപ്പെടുന്നു. ദൈവശക്തിയിപ്പോൾ തടസ്സപ്പെട്ടിരിക്കുന്നു അല്ലെങ്കിൽ നിർത്തിവച്ചിരിക്കുന്ന അവസ്ഥ. എന്താണ് പ്രസ്നം? ദൈവത്തിന് മാറ്റമുണ്ടായിട്ടില്ല, ഒരു ചെറിയ അളവിൽ ദൈവത്തിന്റെ പദ്ധതിയക്കും വ്യത്യാസമുണ്ടാക്കിയിട്ടില്ല. ഇല്ല. എന്നാൽ സഭയ്ക്ക് വ്യത്യാസം സംഭവിച്ചിരിക്കുന്നു. അതിന്റെ ലക്ഷ്യത്തിൽ നിന്നും പ്രവൃത്തിയിൽ നിന്നും വ്യതിചലിച്ചിരിക്കുന്നു.

ഒരു ചെറിയ സ്വയ ശോധനയിലൂടെ മനസാവുന്നതേയുള്ളൂ സഭയോ അതിലെ വ്യക്തികളോ തരിശായിത്തീർന്നിരിക്കുന്നു എന്ന്. ഒരു കാലത്ത് ഉണ്ടായിരുന്ന ബദ്ധപ്പാടോടുകൂടെ ചെയ്തിരുന്ന കഠിനാദ്ധ്വാനങ്ങൽ മാറി ജീവിതം സുഖ സൗകര്യങ്ങളാൽ മുഴുകിയിരിക്കുന്നു. അംഗസംഖ്യയിൽ വലിപ്പവും കാര്യങ്ങൾ പണം കൊണ്ടു നേടുന്ന അവസ്ഥയിലും അങ്ങനെ സുരക്ഷിതമായി മുന്നേറുന്ന ഒരു ഭാവിയെയും മനസ്സിൽ കണ്ട് തൃപ്തിയായിരിക്കുന്ന അവസ്ഥ. നന്മയും തിന്മയും തമ്മിലുള്ള പോരാട്ടത്തിന്റെ വീര്യങ്ങളെല്ലാം കെട്ടടങ്ങി അവന്റെ സുരക്ഷയിൽ മാത്രം ലക്ഷ്യമിട്ടു നീങ്ങുന്നു. പട്ടാളക്കാരുടെ യുദ്ധസ്ഥലത്തെ പാളയം എന്ന അവസ്ഥവിട്ട് ഒരു സ്കൂളിന്റെ അവസ്ഥയിൽ എത്തിയിരിക്കുന്നു. അതിലെ അംഗങ്ങൾ ഇപ്പോൾ വിദ്യാർത്ഥികളാണ്, പടയാളികളല്ല. അവരുടെ സ്വന്തം സാദ്ധ്യതകളെ ആരായുകയല്ല, മറ്റുള്ളവരുടെ അനുഭവങ്ങൾ പഠിക്കുകയാണ്.

അപ്രകാരമുള്ള സഭകൾക്ക് ശക്തി പ്രാപിപ്പാൻ ഒരു വഴിയേയുള്ളൂ. ഒളിവിടങ്ങളിൽ നിന്നും പുറത്തുവരിക, അപകടങ്ങൾ പതിയിരിപ്പുള്ള അനുസരണത്തിന്റെ വഴി ഏറ്റെടുക്കുക. അതിന്റെ സുരക്ഷതം എന്നത് തോറ്റ ശത്രുവാണ്. സഭ തരിശുനിലത്തെ ഭയപ്പെടുന്നു. തന്റെ മരണക്കുറിപ്പ് എഴുതിവയ്ക്കുന്നു. ഉഴുന്ന സഭ ഉണർവ്വിലേയ്ക്ക് നടക്കുന്നു.

ഉണർവിനു വേണ്ടിയുള്ള ഡി.എൽ. മൂഡിയുടെ ഒടുവിലത്തെ ശബ്ദം

By. D.L.Moody

1989-ൽ ക്രിസ്തീയ വേലക്കാർക്കു വേണ്ടിയുള്ള ഒരു പൊതു പരിപാടിയിൽ ഡി.എൽ.മൂഡിയുടെ ഒടുവിലത്തെ സന്ദേശം

"എണ്ണപ്പെട്ട ധാരാളം ആളുകൾ അനുഭവിച്ചറിയുന്ന ഒരു സത്യമാണ് സഭയുടെ പ്രത്യാശ. ആഴവും വിശാലവുമായ ഒരു ഉണർവിലേയ്ക്കാണ് എന്നത്. മറ്റൊരു വഴികളിലും നേരിടാത്ത വലിയ പ്രതിസന്ധികളാണ് വിശ്വാസികൾ, വേലക്കാർ എന്ന നിലകളിൽ നാം നേരിടുന്നത്. ശത്രു പെരുവെള്ളം പോലെ വന്നിരിക്കുന്നു. ദൈവത്തിൽ ആശ്രയിക്കുന്ന തന്റെ ജനം ദൈവത്തിൽ ആശ്രയിച്ച് ശത്രുവിനെതിരെ ഒരു ഉറച്ച നിലപാടെടുക്കേണ്ടതായ സമയമാണിത്. ഓരോ വിശ്വാസിയും ദൈവശക്തിയുടെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തപ്പെടേണ്ടതിനും നശിച്ചുകൊണ്ടിരിക്കുന്ന ആത്മാക്കൾ മാനസാന്തരപ്പെട്ട് ദൈവത്തിങ്കലേയ്ക്ക് വരേണ്ടതിനും അവിശ്വാസത്തിന്റെയും ലോകമയത്വത്തിന്റെയും വേലിയേറ്റങ്ങളെ തോല്പിക്കേണ്ടതിനും ഉണർവ്വിന്റെ ദൈവശക്തി പ്രാപിച്ച് ജയകരമായി മുന്നേറുവാനുള്ളസമയമാണിത്. എന്തു കൊണ്ട് അല്ല? കർത്താവിന്റെ കരം കുറുകിപ്പോയിട്ടില്ല, അവിടത്തെ ചെവി മന്ദമായിട്ടുമില്ല.

ഞാൻ വിശ്വസിക്കുന്നു, ആ ദൈവപ്രവൃത്തിയുടെ സമയമായി. ഉണർവ്വിന്റെ ചരിത്രം തെളിയിക്കുന്നത്, അങ്ങനെ ഒരു പ്രവൃത്തി ദൈവമക്കളിൽ ആരംഭിക്കേണ്ടതാണ്. ഏതു വിധത്തിലായാലും സഭ ഉണർത്തപ്പെടും എന്നതിൽ ആർക്കാണ് സംശയം. അത് പുറമേയുള്ള ഒരു വികാരത്തള്ളൽ മാത്രമല്ല, നമ്മുടെ ഹൃദയങ്ങളെ ദൈവത്തോട് നിരപ്പിച്ച്, ജീവതത്തിലും ശുശ്രൂഷയിലും ദൈവശക്തിയെ ധരിപ്പിക്കുന്ന പെന്തെക്കോസ്ത്തിന്റെ പരിശുദ്ധാത്മ ശക്തിക്ക് നാം സാക്ഷ്യം വഹിക്കേണ്ടതാണ്.

നമ്മുടെ തരിശു നിലങ്ങളെ ഉഴുത് ഒരുക്കാം, പരിശുദ്ധാത്മാവിന്റെ പുതിയ അഭിഷേകത്തെ അന്വേഷിക്കാം, മുന്നോട്ടു പോകാം, ദൈവത്തിൽ നിന്ന് വലിയവ പ്രതീക്ഷിക്കാം.....

ശീതോഷ്ണാവസ്ഥയെ സംബന്ധിച്ച ശക്തമായ താക്കീത്

By Charles H.Spurgeon

ലവോദിക്യയിലെ സഭയുടെ ദൂതന് എഴുതുക: വിശ്വസ്തനും സത്യവാനുമായ സാക്ഷിയായി ദൈവസൃഷ്ടിയുടെ ആരംഭമായ ആമേൻ എന്നുള്ളവൻ അരുളിചെയ്യുന്നത് : " ഞാൻ നിന്റെ പ്രവൃത്തി അറിയുന്നു; നീ ഉഷ്ണവാനുമല്ല; ശീതവാനുമല്ല; ശീതവാനോ ഉഷ്ണവാനോ ആയിരുന്നു എങ്കിൽ കൊള്ളാമായിരുന്നു. ഇങ്ങനെ ശീതവാനുമല്ല ഉഷ്ണവാനുമല്ല ശീതോഷ്ണവാനകയാൽ നിന്നെ എന്റെ വായിൽ നിന്നും ഉമിണ്ണുകളയും". ഞാൻ ധനവാൻ; സമ്പന്നനായിരിക്കുന്നു; എനിക്ക് ഒന്നിനും മുട്ടില്ല എന്ന് പറഞ്ഞും കൊണ്ട് നീ നിർഭാഗ്യനും അരിഷ്ടനും ദരിദ്രനും കുരുടനും നഗ്നനും എന്ന് അറിയാതിരിക്കയാൽ നീ സമ്പന്നൻ ആകേണ്ടതിന് തീയിൽ ഊതിക്കഴിച്ച പൊന്നും നിന്റെ നഗ്നതയുടെ ലജ്ജ വെളിവാകാതവണ്ണം ധരിക്കേണ്ടതിന് വെളളയുടുപ്പും നിനക്കു കാഴ്ച ലഭിക്കേണ്ടതിന് കണ്ണിൽ എഴുതുവാൻ ലേപവും എന്നോടു വിലയ്ക്ക് വാങ്ങുവാൻ ഞാൻ നിന്നോട് ബുദ്ധിപറയുന്നു. എനിക്ക് പ്രിയമുള്ളവരെ ഒക്കെയും ഞാൻ ശാസിക്കയും ശിക്ഷിക്കയും ചെയ്യുന്നു. ആകയാൽ നീ ജാഗ്രതയുള്ളവനായിരിക്ക. മാനസാന്തരപ്പെടുക. ഞാൻ വാതിൽക്കൽ നിന്നും മുട്ടുന്നു, ആരെങ്കിലും എന്റെ ശബ്ദം കേട്ട് വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്ന് അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും. ജയിക്കുന്നവനു ഞാൻ എന്നോടുകൂടെ എന്റെ സിംഹാസനത്തിൽ ഇരിപ്പാൻ വരം നൽകും. ഞാനും ജയിച്ചു എന്റെ പിതാവിനോടുകൂടെ അവന്റെ സിംഹാസനത്തിൽ ഇരുന്നതുപോലെ തന്നെ" (വെളി. 3:14-21).

നമ്മുടെ കർത്താവ് സംബോധന ആരംഭിക്കുന്നത് ഞാൻ നിന്റെ പ്രവൃത്തി അറിയുന്നു എന്ന് പറഞ്ഞുകൊണ്ടാണ്. ആരും നിങ്ങളെ അറിയുന്നില്ല. നിങ്ങൾ നിങ്ങളെക്കുറിച്ച് അറിയുന്നില്ല. നിങ്ങളുടെ പ്രവൃത്തി നന്നായിരിക്കണം എന്ന് നിങ്ങൾ ആഗ്രഹിക്കുന്നു. എന്നാൽ ഞാൻ വളരെ വ്യത്യസ്ഥമായിട്ടാണ് അറിയുന്നത്. യേശുക്രിസ്തു തന്റെ സഭയിലെ പ്രവൃത്തികളെ പരിശോധിക്കുന്ന കണ്ണുകളാലാണ് നോക്കുന്നത്. എന്തു ചെയ്തിരിക്കുന്നു എന്ന് അറിയുന്നു, എങ്ങനെ ചെയ്തിരിക്കുന്നു എന്നും അറിയുന്നു. അവിടുന്നു പുറമേയുള്ള കാര്യങ്ങളാൽ സഭയെ വിധിക്കുന്നില്ല അകമെയുള്ള ഭക്തിയെ സംബന്ധിച്ചാണ് വിധിക്കുന്നത്. അവിടുന്ന് ഹൃദയങ്ങളെ പരിശോധിക്കുന്നു. അവിടുന്ന് വഞ്ചിക്കപ്പെടുന്നില്ല; അവിടുന്ന് എല്ലാം പരിശോധിക്കുന്നു. നമുക്ക് നമ്മെക്കുറിച്ചുള്ള ചിന്തയും ദൈവത്തിന് നമ്മെക്കുറിച്ചുള്ള ചിന്തയും വ്യത്യസ്തമാണ്. അങ്ങനെയായിരിക്കുന്നത് വളരെ ദു:ഖകരമായ കാര്യമാണ്. സഭകളുടെ കാര്യത്തിൽ മാത്രമല്ല വ്യക്തിപരമായ കാര്യത്തിലും അങ്ങനെയാണ്. മനുഷ്യൻ പലപ്പോഴും തന്റെ പഴയ പ്രതാപത്തിൽ ജീവിക്കുന്നു. പഴയ സ്വഭാവത്തിൽ ജിവിക്കുന്നു, ജീവിക്കാൻ ഒരു പേരുണ്ട്. എങ്കിലും നിശ്ചയമായും അവർ മരിച്ചവരാണ്.

മേൽപറയപ്പെട്ട അവസ്ഥ മേൽ ഉദ്ധരിച്ച വേദഭാഗത്തെ ശ്രദ്ധിക്കുമ്പോൾ ഒട്ടും വ്യത്യസ്തമല്ലാത്തതും ശ്രദ്ധയില്ലായ്മയുമാണ്. അവർ ശീതവാന്മാരല്ല, ഉഷ്ണവാന്മാരുമല്ല; അവിശ്വാസികളല്ല, എന്നാൽ വിശ്വസ്തരായ വിശ്വാസികളല്ല; സുവിശേഷത്തെ എതിർക്കുന്നില്ല. പ്രതിരോധിക്കുന്നുമില്ല; ദോഷം ഒന്നും ചെയ്യുന്നില്ല, എന്നാൽ കാര്യമായി നന്മ ചെയ്യുന്നുമില്ല; ധാർമ്മികമായി പരാജയപ്പെട്ടവരല്ല, എന്നാൽ വിശുദ്ധന്മാരെന്ന് പറയാനും സാദ്ധ്യമല്ല; മതവിരോധികളല്ല എന്നാൽ ആത്മികകാര്യങ്ങളിൽ ഉത്സാഹികളുമല്ല.

അവരുടെയിടയിൽ നന്മയുണ്ട്. എന്നാൽ അവ അധികമായി ചെയ്യുന്നില്ല. അവർക്ക് പ്രാർത്ഥനായോഗങ്ങളുണ്ട്. എന്നാൽ കുറച്ചുപേരേ കൂടിവരുന്നുള്ളൂ.

ചില സഭകളുണ്ട്, ബൈബിൾ ക്ലാസുകളുണ്ട്. ആത്മീയ കാര്യങ്ങളെല്ലാം ചടങ്ങായി നടക്കുന്നുണ്ട്, എന്നാൽ അതിൽ ഉത്സാഹവുമില്ല, ആത്മാർത്ഥതയുമില്ല കാര്യമായ നന്മയും അവർ ചെയ്യുന്നില്ല. പകുതി ഹൃദയത്തോടെയും താലപര്യമില്ലാത്തതുപോലെയും ചെയ്യുന്നു; കാര്യങ്ങൾ നടക്കുന്നുണ്ടോ ഇല്ലയോ എന്നത് സംബന്ധിച്ച് ഉത്സാഹവുമില്ല.

കാര്യങ്ങൾ ചെയ്യുമ്പോൾ, നന്നായി ചെയ്യണം മനസ്സോടെ ചെയ്യണം പൂർണ്ണ ശക്തിയോടെ ചെയ്യണം. ലവോദിക്യ സഭ അങ്ങനെയല്ല, അവർ മടിയന്മാരാണ്. പ്രവൃത്തി ഉപേക്ഷിച്ചുകളയുന്നവരല്ല, പ്രാർത്ഥനയോയോഗങ്ങളെ ഒന്നും മുടക്കാറില്ല, സുവിശേഷത്തെ ഉപേക്ഷിച്ചുകളയുന്നില്ല, അങ്ങനെ ചെയ്താൽ അവർ അനുതപിച്ച് അവരുടെ കുറ്റം കണ്ടുപിടിച്ച് മടങ്ങി വരുന്നു. സത്യത്തെ സംബന്ധിച്ച് എരിവുള്ളവരല്ല. മാനസാന്തരത്തെ സംബന്ധിച്ചോ വിശുദ്ധിയെ സംബന്ധിച്ചോ ഒരു ഗൗരവം അവർക്കില്ല. പാപത്തിന്റെ ദോഷവശങ്ങളെ ഭയപ്പെടുന്നില്ല സാത്താനെ ദേഷ്യപ്പെടുത്തുവാൻ തക്കവണ്ണം തീഷ്ണതയുള്ളവരല്ല. തങ്ങളെതന്നെ ദൈവത്തിന്റെ യാഗപീഠത്തിൽ യാഗമായി വെച്ചുകൊടുക്കുന്ന ഉപദേശം അവർ കാര്യമാക്കുന്നില്ല. അവർ ശീതവാന്മാരുമല്ല ഉഷ്ണവാന്മാരുമല്ല.

സഭയുടെ ഈ അവസ്ഥയിൽ ചില സ്വയ നീതികരങ്ങളെ കാണാൻ കഴിയും. ലവോദിക്യർ പറയുന്നത് ഞാൻ ധനവാൻ, സമ്പന്നനായിരിക്കുന്നു, എനിക്ക് ഒന്നിനും മുട്ടില്ല എന്ന് പറഞ്ഞുകൊണ്ട് (വെളി. 3:17). അംഗങ്ങൾ പറയുന്നത്, ഞങ്ങൾ നന്നായിരിക്കുന്നു എന്ത് കുറവാണ് ഞങ്ങൾക്കുള്ളത്. എന്ന് ചോദിക്കുന്നു ഈ അവസ്ഥ പ്രത്യാശരഹിതമാണ്. ഗുണദോഷത്തിനും ശാസനയ്ക്കും ശക്തി കുറഞ്ഞുപോയിരിക്കുന്നു.

അയ്യോ കഷ്ടം ഇങ്ങനെയുള്ള ശീതോഷ്ണാവസ്ഥയിൽ നിന്നും വിശ്വാസികളെ പുറത്തുകൊണ്ടുവരിക എന്നത് വളരെ പ്രയാസമാണ്. തണുപ്പ് നമ്മെ വിറപ്പിക്കുന്നു. ചൂട് നമ്മെ വേദനിപ്പിക്കുന്നു, എന്നാൽ ശീതോഷ്ണവാസ്ഥയിലുള്ള കുളി വളരെ സുഖകരമാണ്. ലോകം എപ്പോഴും ശീതോഷ്ണാവസ്ഥയിലുള്ള സഭകളെ കൊണ്ട് സമാധാനത്തിലാണ്. ആ സഭകൾ തങ്ങളിൽ തന്നെ പ്രശംസിക്കയും ചെയ്യുന്നു. തീർത്തും ലോകക്കാരല്ല, അല്ല! നമുക്കു നമ്മുടെ പരിധികളുണ്ട്! വിശ്വാസി നിശ്ചയമായും തന്റെ ജീവിതത്തിലുള്ള ചില വിനോദങ്ങളെ ഉപേക്ഷിക്കണം. ദൈവം നമുക്കു കല്പിച്ചിരിക്കുന്ന നിരയിലേക്ക് പോകണം എന്തിന് നാം താമസിക്കുന്നു?

(ശേഷം 7-ാംപേജിൽ)

(1-ാം പേജിന്റെ തുടർച്ച)

ഇന്ന് നുമക്ക് ഒരു ഉണർവ്വ് പ്രാപിക്കാൻ കഴിയുമോ?

മുഖത്ത് നോക്കുവാൻ പോലും ആളുകൾ ഭയപ്പെട്ടിരുന്നു.

ഇന്നത്തെ ആത്മീയ മണ്ഡലങ്ങളെ പരിശോധിക്കുമ്പോൾ, പകുതി മനസോടെയുള്ള പ്രാർത്ഥനകൾ ദൈവത്തിന്റെ ആഴങ്ങളെ കളിയാക്കുന്നതുപോലെയാണ്. സ്വർഗ്ഗം അയയ്ക്കുന്ന ഉണർവ്വിന്റെ മഹത്വത്തിന് യാതൊരു മാറ്റവുമില്ല. പരിശുദ്ധാത്മാവിന്റെ വ്യാപാര ശക്തി സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങുമ്പോൾ ശക്തന്മാരായ ആളുകൾ ഹൃദയം നുറുങ്ങി മുഖം ദൈവത്തിങ്കലേയ്ക്കതിരിച്ച് കണ്ണുനീരോടെ പ്രാർത്ഥിച്ച് കാത്തിരിക്കേണം. തിരക്കുള്ള ജീവിതത്തിലും ഒരു ഉണർവ്വിനായി ദൈവമുമ്പാകെ സമയം ചെലവഴിക്കണം. സമയം ഒരുക്കി കാത്തിരുന്നു പ്രാർത്ഥിക്കുന്നതിനാൽ ഉയരത്തിലെ ശക്തിയുടെ വ്യാപാരം ധാരാളമായി ഉണ്ടാകുവാനിടയാകും.

ഇന്നത്തെ ഏറ്റവും വലിയ പ്രശ്നം ഒരു പക്ഷേ അതായിരിക്കാം. നമ്മുടെ സുഖ സൗകര്യങ്ങൾ സുവിശേഷ വേലയെ എളുപ്പമാക്കിത്തീർക്കുന്നു. പക്ഷേ, പ്രാർത്ഥനയ്ക്ക് സമയം കുറച്ചുമാത്രം. എത്ര ദു:ഖകരമായ അവസ്ഥ! ഡോ. വിൽബർ സ്മിത്ത് പറയുന്നതിങ്ങനെയാണ്, “എനിക്ക് പ്രാർത്ഥിക്കാൻ സമയം കിട്ടാറില്ല. എന്നാൽ ഞാൻ അതിന് എപ്പോഴും സമയം കണ്ടെത്തുകയായിരുന്നു”.

ഭൂമിയുടെ മുഖത്ത് ഉണ്ടാകുവാൻ പോകുന്ന ഒരു ഉണർവ്വ് കാത്തിരിക്കുന്നു. ദൈവത്തിന്റെ ഉറപ്പുള്ള വാഗ്ദത്തം അതിനുവേണ്ടിയുണ്ട്. എന്നാൽ അത് വരുന്നതിന് മുമ്പ്, നാം ദൈവമുമ്പാകെ സമയം ചെലവഴിച്ചു കാത്തിരിക്കേണം. ആ കാത്തിരിപ്പിൽ ദൈവപ്രവൃത്തിക്കായുള്ള വാഞ്ഛയും ശത്രുവിന്റെ കോട്ടകളെ പരാജയപ്പെടുത്തുന്ന പ്രാർത്ഥനയും ഉണ്ടായിരിക്കണം. പുറം ലോകത്തിന്റെ ദൈവഭക്തിയോടുള്ള വിരക്തി - അങ്ങനെയുള്ളവർ ധാരാളമാണ്. എന്നാൽ ഒരു ചെറിയ കൂട്ടം നമ്മോട് ചേർന്ന് നിൽക്കും, സ്വയത്തെ വെടിഞ്ഞ്

നമ്മുടെ ശക്തിയിലുള്ള ആശ്രയം വിട്ട് ഉയരത്തിലെ മറുപടി വരും വരെ കാത്തിരുന്ന് പ്രാർത്ഥിക്കുമ്പോൾ ഉയരത്തിലെ അഗ്നി രാജ്യങ്ങളിൽ വെളിപ്പെടും; ശുദ്ധീകരിക്കുന്ന പരിശുദ്ധാത്മാവിന്റെ ജ്വാല വെളിപ്പെടും.

ഉണർവ്വിൻ ഉടമ്പടിയുടെ വ്യവസ്ഥകൾ 2ദിന.7:14

താഴ്മ: എന്റെ ജനം തങ്ങളെത്തന്നെ താഴ്ത്തി... ഇത് ദൈവമുമ്പാകെയും, മറ്റുള്ളവരുടെ മുമ്പിലും സ്വയത്തിന്റെ മുമ്പിലും ഉള്ള താഴ്മയാണ്. അതിൽ ആഴമായ വിശ്വസ്തമായ ഹൃദയാംഗമായ, അനുതാപപൂർണ്ണമായ പാപത്തെ വിട്ടുതിരിയുന്ന, സ്വഭാവത്തെ നിയന്ത്രിക്കുന്ന ആവശ്യമില്ലാത്തതിനെ അകറ്റുന്ന സമ്പൂർണ്ണമായ പുനർ സമർപ്പണം ദൈവത്തോടും ദൈവവേലയോടും ഉണ്ടാകണം.

പ്രാർത്ഥന: പ്രാർത്ഥി¡ pɨ ..... “ ദൈവത്തിന്റെ സുസ്ഥിരമായ വാഗ്ദത്തത്തിലുള്ള വിശ്വാസം”, ദൈവമുമ്പാകെ പ്രാർത്ഥനയിൽ ഉറ്റിരിക്കുവാൻ സഹായിക്കുന്നു; ദൈവം കേൾക്കുന്നതുവരെയും വാഗ്ദത്തം ഓർപ്പിച്ചു പ്രാർത്ഥിക്കുന്നു. ഈ പ്രാർത്ഥന വേലയിൽ നമ്മെ കൈതാങ്ങുന്നവർ തരുന്നതുകയ്ക്കനുസരിച്ചുള്ളതല്ല, അവർ കൈവിടുന്ന സാഹചര്യമുണ്ടായാലും പ്രാർത്ഥിക്കും. അതിന്റെ ശരിയായ അടിസ്ഥാന ദൈവത്തിന്റെ ഉറപ്പുള്ള വാഗ്ദത്തത്ത നിറവുകളാണ്.

തിരിയുക: തങ്ങളുടെ ദുർമാർഗ്ഗങ്ങളെ വിട്ടു തിരിയുമെങ്കിൽ....പുനർ സമർപ്പണത്തിന് മുനപ്, ഒരു പുതുക്കം ഉണ്ടായിരിക്കും. ശുദ്ധ കൈകളും ശുദ്ധഹൃദയവും ഉണ്ടായിരിക്കും.... (സങ്കീ. 24:4). ആത്മീയ ജീവിതത്തെ സംബന്ധിച്ച ഏതു കാര്യത്തിലും ഒരു വഴിത്തിരിവ് ഉണ്ടായിരിക്കും. ദൈവം തന്റെ വിശുദ്ധ മന്ദിരത്തിലുണ്ട്. തന്റെ മുമ്പാകെ നില്ക്കുവാൻ നമുക്ക് ഒരു വിശുദ്ധ പശ്ചാത്തലം ആവശ്യമാണ്. അതിനുവേണ്ടി നാം വിശുദ്ധരായിരിക്കണം.

ഹൃദയത്തെ പരിശോധിക്കുന്ന അനുഭവം ഉണ്ടായിരിക്കും. ദുർമാർഗ്ഗങ്ങളെ പ്രതിനിധീകരിക്കുന്ന ഒട്ടനവധി കാര്യങ്ങൾ നമ്മുടെ ജീവിതത്തിലുണ്ട്. നമ്മുടെ ചിന്തയിൽ അവയൊക്കെ നിസാരകാര്യങ്ങളായിരിക്കാം. ആഖാന്റെ പാപം വളരേ നിസാരമായിരുന്നു. ശേഖെൽകളുടെ വെള്ളി, സ്വർണ്ണക്കട്ടി, ബാബിലോന്യ അങ്കി, ജഡത്തിന്റെ ആവേശം, ആഗ്രഹങ്ങളുടെ നിവർത്തിക്കായുള്ള ഒരു ചെറിയ ചുവട്, അവയെ കൂടാരത്തിലേയ്ക്ക് കൊണ്ടു വന്നു. സ്വന്തം മനസാക്ഷിയുടെ വാക്കുകളാൽ, ഒഴികളിവുകളാൽ അതിനെ മൂടിവയ്ക്കുന്നു

എന്നാൽ ശരിയായ ഒരു വസ്തുത എന്നത്, അവിടുത്തെ കൺമുമ്പിൽ ഒന്നും മറവായിരിക്കുന്നില്ല. നമ്മുടെ കൂട്ടുകാരിൽ നിന്നും നമുക്കു മറച്ചുവയ്ക്കാം, എന്നാൽ ദൈവത്തിന് ഒന്നും മറവായിരിക്കുന്നില്ല. ദൈവത്തിന്റെ അനുഗ്രഹം ആശ്രയിച്ചിരിക്കുന്നത് ഒരു വിശുദ്ധജീവിതം മാത്രമല്ല, പിന്നെ യോ ശുദ്ധമായ ഒരു വാസസ്ഥലവും ആവശ്യമാണ്. വീട്ടിൽ അശുദ്ധമാക്കുന്ന വിഗ്രഹങ്ങൾ ഉണ്ടായിരിക്കാം. എന്നാൽ പൂർണ്ണമായ തിരിവ് ഉണ്ടാകുന്നതിനുമുമ്പും അവയും അവിടെ നിന്നും പോകണം.

നിങ്ങൾ അതിന് തയ്യാറാണോ? നമ്മുടെ ദുർമാർഗ്ഗങ്ങളെ ദൈവം ഓരോന്നായി നമ്മുടെ കണ്ണിൻ മുമ്പിൽ നിരത്തി വയ്ക്കുന്നതിനു മുമ്പായി, മനസോടെ ദൈവകൃപയിൽ ആശ്രയിച്ച് അതിനെ ഉപേക്ഷിക്കയത്രേ വേണ്ടത്. അപ്പോൾ നമ്മുടെ യാഗങ്ങൾ ദൈവമുമ്പാകെ സുഗ്രാഹ്യമായിത്തീരും. അപ്പോൾ, അപ്പോൾ മാത്രമേ ദൈവവചനം പറയുന്ന “ എന്നെ വിളിച്ചപേക്ഷിക്ക ഞാൻ നിനക്ക് ഉത്തരം അരുളും; നീ അറിയാത്ത മഹത്തായും അഗോചരമായും ഉള്ള കാര്യങ്ങളെ ഞാൻ നിന്നെ അറിയിക്കും” (യിരെ. 33:3). നന്മ നമ്മുടെ ജീവിതത്തിൽ യാഥാർത്ഥ്യമാവുകയുള്ളൂ. ദൈവവചനം പറയുന്ന ഉണർവ്വും നമ്മുടെയിടയിൽ അത്ഭുതകരമായി അയയ്ക്കപ്പെടുകയും ചെയ്യും.

ഒരു ബുദ്ധിയുപദേശത്തെ ഉദ്ധരിച്ചുകൊണ്ട് ഉപസംഹരിക്കുന്നു. നാം കാര്യങ്ങൾ പദ്ധതിയിടും, ചെയ്യും എന്നാൽ നമ്മുടെ മുഖം ദൈവത്തിങ്കലേയ്ക്ക തിരിച്ച്, വാഗ്ദത്തത്തിൽ വിശ്വസ്തനായ കർത്താവുമായി ചേർന്നു പ്രവർത്തിക്കുന്നില്ലെങ്കിൽ ഉണർവ്വുണ്ടാകുവാൻ സാദ്ധ്യമല്ല. മഹായോഗങ്ങൾ, കൺവെൻഷനുകൾ ഒക്കെ നടത്തിയേക്കാം നന്നായി പ്രസംഗിച്ചേയ്ക്കാം. എന്നാൽ ദൈവശക്തിയുടെ ശരിയായ വെളിപ്പാട് പ്രാപിച്ച്

(2-ാംപേജിന്റെ തുടർച്ച)

ഡോ.ജോൺ ഡക്സൺ ഇൻഡ്യയിലെ സുവിശേഷകൻ

ടൊപ്പം ആകുമെന്ന് ഉറപ്പായി. എന്നാൽ ഒരു ദിവസത്തെ ഒരു സംഭവം തന്റെ ജീവിതത്തെ മാറ്റി മറിച്ചു. അസുഖമായി കിടന്ന ഒരു ക്രിസ്തീയ വനിതയെ ശുശ്രൂഷിക്കുമ്പോൾ അവളുടെ പക്കലുണ്ടായിരുന്ന ഒരു ലഘു ലേഖ തന്നെ ആകർഷിച്ചു. അതിന്റെ തലകെട്ട് ലോകത്തിന്റെ മാനസാന്തരം അഥവാ അറുനൂറ് മില്യൻ ആളുകളുടെ അവകാശം എന്നായിരുന്നു. അദ്ദേഹം അത് വായിച്ചു. വീണ്ടും വീണ്ടും വായിച്ചു. ഞാൻ എന്തു ചെയ്യണം എന്ന് ദൈവത്തോട് ചോദിക്കുന്നത്വരെ ആ വായന നീണ്ടു. മുട്ടിന്മേൽ നിന്ന് കർത്താവിനോട് കരഞ്ഞു. ഞാൻ എന്തു ചെയ്യേണം. ഒരു മൃദുസ്വരം താൻ കേട്ടു. പോയി നഷ്ടപ്പെട്ടുപോകുന്ന ഉന്നതന്മാരോട് സുവിശേഷം പ്രസംഗിക്കൂ കർത്താവ് മറുപടി കൊടുത്തു. രാവം പകലും ആ ശബ്ദം തന്റെ ആത്മാവിൽ മുഴങ്ങികൊണ്ടിരുന്നു.

ആദ്യം അത് അസാദ്ധ്യമായി തോന്നി. വിശാലമാകുന്ന പരിശീലനം, വർദ്ധിച്ച രോഗികളുടെ സാന്നിദ്ധ്യം അനേകർക്ക് ഏക ദേശം താൻ ഒരു പാസ്റ്ററായിരുന്നു. ഉത്തരവാദിത്വപ്പെട്ട ജോലി സഭയിലും താൻ ചെയ്തു. ഭാര്യയും തന്റെ പ്രവൃത്തിയിൽ ഒപ്പം കൂടി. അതിനിടെ ദൈവം അവർക്ക് ഒരു മകളെ കൊടുത്തു. ഇപ്പോൾ അവൾക്ക് രണ്ട് വയസ്സായി. തരണം ചെയ്യാൻ കഴിയാത്ത തടസ്സങ്ങൾ ജീവിതത്തിൽ വന്നുകൂടി.

എന്നാൽ ക്രൂശിക്കപ്പെട്ട യേശു തന്നോട് സംസാരിക്കുന്ന ഒരു ദർശനം തനിക്കുണ്ടായി. തന്നോട് പറഞ്ഞു, ഞാൻ നിന്റെ കർത്താവും ഗുരുവും ആണെങ്കിൽ ഞാൻ ആത്മാക്കൾക്ക് വേണ്ടി കഷ്ടം അനുഭവിച്ചെങ്കിൽ ആ ദൗത്യം നീ ഏറ്റെടുക്കുകയില്ലേ, അങ്ങനെയല്ലാതെ ആളുകൾ മാനസാന്തരപ്പെടുകയില്ല. അതു കേട്ടു കഴിഞ്ഞപ്പോൾ അദ്ദേഹം മുട്ടിന്മേൽ നിന്ന് പറഞ്ഞു. കർത്താവായ യേശുവേ, നിന്റെ കല്പനയനുസരിച്ച് ഞാൻ പോകും.

തന്റെ ചിന്താഭാരം ആ ദിവസങ്ങളിൽ തന്റെ ഭാര്യ അറിഞ്ഞിരുന്നില്ല. ഭാര്യയെ കൂടാതെ അന്തിമ തീരുമാനം എടുക്കുവാൻ തനിക്ക് ഇഷ്ടമില്ലായിരുന്നു. തന്റെ തീരുമാനം അവളെ അറിയിച്ചു. ആദ്യം അവൾ സങ്കടത്തോടെ കരഞ്ഞു എങ്കിലും പെട്ടെന്ന് അതിസാഹസികമായി സുവിശേഷ വേലയ്ക്കു വേണ്ടി തന്നെത്താൻ സമർപ്പിച്ചു.

എവിടെ പോകണം എന്ന ചോദ്യത്തിന് ഉടനെ മറുപടി കിട്ടി. ആ കാലത്ത് അമേരിക്കൻ ബോഡ് ഒരു ഡോക്ടറെ സിലോണിലേയ്ക്കയ്ക്കാൻ പരസ്യം നൽകിയിരുന്നു. യോഗ്യനായ ഒരാളെ കാത്തിരിക്കയായിരുന്നു. ഡോസ്കഡർ അതിന് അപേക്ഷിക്കയും അതിനായി സമർപ്പിക്കയും ചെയ്തു. ബോഡ് തന്നെ അംഗീകരിക്കയും ചെയ്തു.

തന്റെ തീരുമാനം പൊതുവിലറഞ്ഞപ്പോൾ വല്ലാത്ത ചിന്തയും ഭയവുമുണ്ടായി. ചിലർ പറഞ്ഞു അദ്ദേഹത്തിന് ഭ്രാന്തുണ്ട്. തന്റെ പരിശീലനം നിറുത്തുക എന്നത് ചെറിയ കാര്യമായിരുന്നില്ല. തന്റെ രോഗികൾ തകർന്ന ഹൃദയമുള്ളവരായിത്തീർന്നു. തങ്ങളുടെ പ്രിയ ഡോക്ടറെ നഷ്ടപ്പെടുന്നത് ആർക്ക് താങ്ങാൻ ആകുമായിരുന്നില്ല. വിശ്വാസികൾ പറഞ്ഞു, കല്യാണം കഴിയാത്തവർ പോകട്ടേ, ജോലിയോടുകൂടെ നിങ്ങളുടെ ദൗത്യം നാട്ടിൽ ചെയ്യാമല്ലോ എന്ന് പറഞ്ഞു.

അവരുടെ വിശ്വസ്ത ജോലിക്കാരി അമിയ്ക്ക് അത് താങ്ങാനാകുമായിരുന്നില്ല. അവരോടുകൂടെ പോകുവാനായി കേണപേക്ഷിച്ചു. സുവിശേഷ വേലയുടെ കഷ്ടതകൾ പറഞ്ഞു മനസിലാക്കിയിട്ടും കൂടെ കൊണ്ടുപോകാനായി കേണപേക്ഷിച്ചു. ഒടുവിൽ അതിലും ദൈവത്തിന്റെ ഹിതം ഉണ്ടായിരിക്കും എന്ന് ചിന്തിച്ച് ബോർഡുമായി സംസാരിച്ച് അതിനുള്ള ക്രമീകരണമുണ്ടാക്കി. അങ്ങനെ വിശ്വസ്തയായ അമിയും സുവിശേഷ വേലയ്ക്കായി വേർതിരിക്കപ്പെട്ടു. ജീവിതാവസാനം വരെ അവർ ആവരോടുകൂടെ പാർത്തു. വിവിധനിലകളിൽ വേലയിൽ പ്രയോജനപ്പെട്ടു.

ഇൻഡ്യയിലേക്കുള്ള യാത്ര

ബോസ്റ്റണിൽ നിന്നുള്ള അവരുടെ പുറപ്പാടിന്റെ ദിവസം ഫൾട്ടൺ തെരുവിലുള്ള ആളുകളുടെ ഹൃദയം ഉരുകി. ആ കാലത്ത് നാട്ടിൽ തിരിച്ച് വരിക എന്നത് സാദ്ധ്യമല്ലായിരുന്നു. അതുകൊണ്ട് വേർപാട് നിത്യമാണ് എന്ന് അവർ കരുതി.

സ്കഡർ ബോസ്റ്റണിൽ നിന്നും 1819 ജൂൺ 8-ാം തീയതി കൽക്കട്ടയിലേയ്ക്കുള്ള ഒരു പായ്ക്കപ്പിൽ യാത്രയായി. ക്യാപ്റ്റൺ ഒരു വിശ്വസ്ത നായ ക്രിസ്ത്യാനിയായിരുന്നു. എന്നാൽ ജോലിക്കാരധികവും ദൈവമില്ലാത്തവരായിരുന്നു. മാസങ്ങളുടെ യാത്രയിൽ സ്കഡർ അവരോട് പ്രസംഗിക്കയും അവർക്കു വേണ്ടി പ്രാർത്ഥിക്കയും ചെയ് തുകൊണ്ടിരുന്നു. അതിന്റെ ഫലമായി കപ്പലിൽ ഒരു ഉണർവ്വുണ്ടായി. യാത്രക്കാരിൽ നല്ലൊരു പങ്ക് അവരുടെ സ്ഥലങ്ങളിൽ എത്തിച്ചേരും മുമ്പ് ദൈവത്തെ അറിയുക യും ദൈവവുമായി ബന്ധ ത്തിലാവുകയും ചെയ്തു.

4 മാസങ്ങൾക്കു ശേഷം അവർ കൽക്കട്ടയിലെത്തിച്ചേർന്നു. സിലോണിൽ അവസരം അവർക്കായി കാത്തിരുന്നു. നില്യ കെയറിയുടെ നേതൃത്വത്തിൽ ഒരു കൂട്ടം നല്ലവരായ സുവിശേഷകർ സെറാംപൂരിൽ അവരെ കൈക്കൊണ്ടു.

സിലോണിലേയ്ക്കുള്ള യാത്ര ക്രമീകരിക്കപ്പെട്ടു എങ്കിലും കൂടെ യാത്ര ചെയ്ത ഒരു സ്ത്രീ അസുഖമായിത്തീർന്നതിനാൽ സ്കഡർ കുടുംബം അവിടെ പാർക്കേണ്ടിവന്നു. ബാക്കിയുള്ളവർ സിലോണിലേയ്ക്ക് പോയി. അവർ വേഗം സൗഖ്യം പ്രാപിച്ചു. എന്നാൽ സ്കഡറുടെ കുട്ടി രോഗബാധിതയായി മൂന്നു ദിവസങ്ങൾക്കുശേഷം മരിച്ചുപോയി. അത് വളരെ ഹൃദയം തകരുന്ന അവസ്ഥയായി. എന്നാൽ അവർ മറുത്തു പറയാതെ ദൗത്യത്തിൽ മുന്നോട്ടു പോകാൻ തീരുമാനിച്ചു. മൂന്നു മാസങ്ങൾക്ക് ശേഷം സിലോണിൽ എത്തിയശേഷം രണ്ടാമത്ത പെൺകുട്ടിയെ ദൈവം അവർക്ക് നൽകി. എന്നാൽ ആഴ്ചയുടെ അവസാനത്തിൽ അവളും എടുക്കപ്പെട്ടു. 1821-ൽ ഒരു ആൺകുട്ടി ജനിച്ചു. ദിവസങ്ങൾക്കുള്ളിൽ അവനും നഷ്ടപ്പെട്ടു. ദു:ഖിതനായ പിതാവ് ഇങ്ങനെയെഴുതി 18 മാസങ്ങൾക്കുള്ളിൽ മൂന്നു മക്കളുടെ വിളിയുടെ ഭാഗമായിത്തീരുവാൻ ഇടയായി. അവർ പറഞ്ഞു. ഞങ്ങളുടെ നഷ്ടം അന്ധകാരത്തിലുള്ള ജനത്തിൽ നിന്നും അനേകമക്കളെ ദൈവം ഞങ്ങൾക്ക് തരും. (തുടരും)

Edited & Published by Mrs. Bindhu.M. Trivandrum- 695032 Printed at Excellent Printers Plavila, Thirumala, T.v.m - 6 Phone: 2351975